ചുരുക്കത്തിൽ

ജൂണിൽ മോദി യുഎസിലേക്ക്

ന്യൂഡൽഹി

ജൂണിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമേരിക്കൻ സന്ദർശനത്തിന്റെ വിശദാംശങ്ങൾ പുറത്തുവന്നു. 22ന് പ്രധാനമന്ത്രിക്ക് വൈറ്റ്ഹൗസിൽ പ്രസിഡന്റ് ജോ ബൈഡൻ ഔദ്യോഗിക വിരുന്ന് നൽകും. പ്രതിരോധം, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നീ മേഖലകളിൽ ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്താനുള്ള മാർഗങ്ങൾ ചർച്ചയാകും. പ്രധാനമന്ത്രിയായശേഷം മോദി അഞ്ചു തവണ അമേരിക്ക സന്ദർശിച്ചു.

ഉദ്ധവിനെയും പവാറിനെയും സന്ദർശിച്ച് നിതീഷ്

- പ്രതിപക്ഷം ഒറ്റക്കെട്ടായാൽ രാജ്യം ശരിയായ ദിശയിൽ നീങ്ങുമെന്ന് നിതീഷ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

പൊതുതെരഞ്ഞെടുപ്പിനുമുമ്പ് പ്രതിപക്ഷ ഐക്യം സാധ്യമാക്കാൻ ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ മുംബൈയിലെത്തി എൻസിപി അധ്യക്ഷൻ ശരദ് പവാർ, ശിവസേനാ നേതാവ് ഉദ്ധവ് താക്കറെ എന്നിവരുമായി ചർച്ച നടത്തി.

മുബൈയിലെ തന്റെ വസതിയായ മാതോശ്രീയിൽ എത്തിയ നിതീഷിനെ ഉദ്ധവ് പൂച്ചെണ്ട് നൽകി സ്വീകരിച്ചു. ഉപമുഖ്യമന്ത്രി തേജസ്വി യാദവും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. പ്രതിപക്ഷം ഒറ്റക്കെട്ടായി നിന്നാൽ രാജ്യം ശരിയായ ദിശയിലേക്ക് നീങ്ങും. അതിനായി ഭിന്നത മാറ്റിവച്ച് ഒരുമിക്കണമെന്ന് നിതീഷ് പറഞ്ഞു. പ്രതിപക്ഷ ഐക്യത്തിനായി എല്ലാവരും ഒന്നിക്കണമെന്ന് പറഞ്ഞ ഉദ്ധവ്, നിതീഷിന്റെ നീക്കങ്ങൾക്ക് പിന്തുണയും അറിയിച്ചു.

പിന്നീട് പവാറിന്റെ വസതിയിലെത്തി മുതിർന്ന എൻസിപി നേതാക്കൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തി. പ്രതിപക്ഷം ഒന്നിച്ചുവെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടാൽ അവർ പിന്തുണയ്ക്കുമെന്ന് പവാർ വ്യക്തമാക്കി. നിലവിലെ സൂചനപ്രകാരം കർണാടകത്തിൽ ബിജെപിയെ പുറത്താക്കി മതനിരപേക്ഷ സർക്കാർ അധികാരത്തിൽവരും. ഇത് രാജ്യമാകെ പടർത്താൻ പ്രതിപക്ഷഐക്യം അനിവാര്യമാണെന്നും പവാർ പറഞ്ഞു.

ഒഡിഷ മുഖ്യമന്ത്രി നവീൻ പട്നായിക്, ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ദ് സോറൻ തുടങ്ങിയവരുമായും കഴിഞ്ഞദിവസം നിതീഷ് കുമാർ ചർച്ച നടത്തി.

ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും എൻസിപി അധ്യക്ഷൻ ശരദ് പവാറും മുംബൈയിൽ കൂടിക്കാഴ്ചയ്ക്കിടെ ഫോട്ടോ: പിടിഐ

ഒറ്റയ്ക്ക് മത്സരിക്കുമെന്ന് പട്നായിക്

ന്യൂഡൽഹി

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിക്കുമെന്ന് ഒഡിഷ മുഖ്യമന്ത്രിയും ബിജു ജനതാ ദൾ നേതാവുമായ നവീൻ പട്നായിക്. ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷമാണ് പ്രതിപക്ഷ ഐക്യത്തിൽനിന്ന് തൽക്കാലം അകലം പാലിക്കുന്ന നിലപാട് പ്രഖ്യാപിച്ചത്.

തന്നെ സംബന്ധിച്ച് മൂന്നാംമുന്നണിക്ക് 'നിലവിൽ' സാധ്യതയില്ലെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞദിവസം ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ നടത്തിയത് സൗഹൃദ സന്ദർശനം മാത്രമാണ്. ഐക്യം ചർച്ചയായില്ലെന്നും ആവർത്തിച്ചു.

അതേസമയം, പൂർണമായും പ്രതിപക്ഷ ഐക്യശ്രമത്തെ പട്നായിക് തള്ളിയിട്ടില്ലെന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു.

കർണാടക ഫലം നാളെ

മംഗളൂരു

ഭൂരിപക്ഷം എക്സിറ്റ് പോളുകളും തൂക്കു സഭയ്ക്കുള്ള സാധ്യത പ്രവചിക്കുന്ന കർണാടകത്തിൽ കോൺഗ്രസിലും ബിജെപിയിലും തിരക്കിട്ട ചർച്ച. 13നാണ് ഫലപ്രഖ്യാപനം. ഭൂരിപക്ഷമില്ലെങ്കിൽ കോൺഗ്രസ്, ജെഡിഎസ് എംഎൽഎമാരെ മറുകണ്ടം ചാടിച്ച് സർക്കാർ രൂപീകരിക്കാമെന്ന പ്രതീക്ഷയാണ് ബിജെപിക്ക്. എന്നാൽ, കർണാടകത്തിലേത് പഴയ കോൺഗ്രസല്ലെന്ന ആത്മവിശ്വാസമുണ്ടെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് ബി കെ ഹരിപ്രസാദ് പറഞ്ഞു.

ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ സ്വീകരിക്കേണ്ട പദ്ധതികൾ കോൺഗ്രസ് നേതൃത്വം ആസൂത്രണം ചെയ്യുന്നുണ്ട്. മുൻ മുഖ്യമന്ത്രി ജഗദീഷ് ഷെട്ടറും മുൻ ഉപമുഖ്യമന്ത്രി ലക്ഷ്മൺ സവാദിയും ബിജെപിവിട്ട് തങ്ങളുടെ പാളയത്തിൽ എത്തിയത് കോൺഗ്രസിന് ആത്മവിശ്വാസം നൽകുന്നു. ഭരണം നേടിയാൽ മുഖ്യമന്ത്രി പദത്തിനായി സിദ്ധരാമയ്യയും കോൺഗ്രസ് അധ്യക്ഷൻ ഡി കെ ശിവകുമാറും തമ്മിൽ പോരുണ്ടാകുമെന്ന ആശങ്കയുണ്ട്.

ജെഡിഎസ് നിർണായക ശക്തിയാകുമെന്നാണ് എക്സിറ്റ്പോൾ പ്രവചനം. എംഎൽഎമാരെ ഒരുമിച്ച് നിർത്തുമെന്നും താൻ മുഖ്യമന്ത്രിയാകുമെന്നും എച്ച് ഡി കുമാരസ്വാമി പ്രതികരിച്ചു.

സുവർണ ക്ഷേത്രത്തിനു സമീപം സ്ഫോടനം: 5 പേർ അറസ്റ്റിൽ

അമൃത്സർ

പഞ്ചാബിലെ അമൃത്സറിൽ സുവർണ ക്ഷേത്രത്തിനു സമീപമുണ്ടായ സ്ഫോടനത്തിൽ അഞ്ചു പേർ അറസ്റ്റിൽ. വ്യാഴം പുലർച്ചെ ഒന്നോടെയാണ് സ്ഫോടനമുണ്ടായത്. അഞ്ചു ദിവസത്തിനിടെ മൂന്നാമത്തെ സ്ഫോടനമാണിത്. സംഭവത്തിന് പിന്നിലെ ഗൂഢാലോചന പുറത്ത് കൊണ്ടുവരുമെന്ന് ഡിജിപി ഗൗരവ് യാദവ് പറഞ്ഞു.

മണിപ്പുരിൽ വീണ്ടും സംഘർഷം; പൊലീസുകാരൻ കൊല്ലപ്പെട്ടു

ഇംഫാൽ

സംഘർഷത്തിൽ 65 പേർ കൊല്ലപ്പെട്ട മണിപ്പുരിൽ രണ്ടുദിവസത്തെ ഇടവേളയ്ക്കുശേഷം വീണ്ടും വെടിവയ്പ്. മണിപ്പുരിലെ ബിഷ്ണുപുരിൽ പൊലീസും കുകി വിഭാഗവും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഒരു പൊലീസുകാരൻ കൊല്ലപ്പെട്ടു. അഞ്ചുപേർക്ക് പരിക്കേറ്റു. ട്രോംങ്‌ലോബിയിൽ പട്രോളിങ് നടത്തുന്ന പൊലീസ് സംഘത്തിനു നേരെയാണ് വെടിയുതിർത്തത്. ഒരു പൊലീസുകാരൻ സംഭവസ്ഥലത്തു തന്നെ മരിച്ചു. പരിക്കേറ്റവരെ ഇംഫാലിലെ വിവിധ ആശുപത്രികളിലേക്ക് മാറ്റി.

രാവിലെ ഏഴോടെയാണ് വെടിവയ്പ് നടന്നതെന്ന് വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. കുകി വിഭാഗത്തിന്റെ ഭാഗത്തും നാശനഷ്ടങ്ങൾ ഉണ്ടായേക്കാമെന്നും അദ്ദേഹം അറിയിച്ചു. വിവിധ മേഖലകളിൽ സുരക്ഷാ സേനയുമായി തുടർച്ചയായി വെടിവയ്പുണ്ടായത് കണക്കിലെടുത്ത് മണിപ്പുർ പൊലീസും അസം റൈഫിൾസും കനത്ത പരിശോധന ആരംഭിച്ചിട്ടുണ്ട്.

മെയ് മൂന്നിന് പൊട്ടിപ്പുറപ്പെട്ട സംഘർഷത്തിൽ 35,000 പേരാണ് അഭയാർഥികളായത്. നൂറുകണക്കിന് വീടുകളും സ്ഥാപനങ്ങളും കത്തിച്ചു. തിങ്കളാഴ്ചയോടെയാണ് സംഘർഷത്തിന് നേരിയ അയവുണ്ടായത്. സംസ്ഥാനത്ത് സൈന്യത്തെ വൻതോതിൽ വിന്യസിച്ചിരിക്കെയാണ് വീണ്ടും സംഘർഷാവസ്ഥ രൂപപ്പെട്ടത്.

തമിഴ്നാട് ധനമന്ത്രിക്ക് സ്ഥാനചലനം

ചെന്നൈ

തമിഴ്നാട്ടിൽ മന്ത്രിസഭ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പളനിവേൽ ത്യാഗരാജനെ ധനമന്ത്രി സ്ഥാനത്തുനിന്ന് മാറ്റി. വ്യവസായ മന്ത്രിയായിരുന്ന തങ്കം തെന്നരശാണ് പുതിയ ധനമന്ത്രി.

ഐടി വകുപ്പിന്റെ ചുമതല ത്യാഗരാജന് നൽകി. നിലവിലെ ഐടി മന്ത്രി മനോ തങ്കരാജിന് ക്ഷീരവകുപ്പിന്റെ ചുമതല നൽകി. ടി ആർ ബി രാജ വ്യവസായ മന്ത്രിയാകും.

സർക്കാരിൽ അഴിമതി ആരോപിച്ച് ബിജെപി പുറത്തുവിട്ട ശബ്ദസന്ദേശത്തെ തുടർന്ന് ത്യാഗരാജൻ വിവാദത്തിലായിരുന്നു.

മുൻ ജെഡിയു നേതാവ് ആർസിപി സിങ് ബിജെപിയിൽ

ന്യൂഡൽഹി

മുൻ ജെഡിയു നേതാവും കേന്ദ്ര മന്ത്രിയുമായ രാമചന്ദ്ര പ്രസാദ് സിങ് ബിജെപിയിൽ ചേർന്നു. വ്യാഴം ഉച്ചയ്ക്ക് ന്യൂഡൽഹിയിൽവച്ചാണ് ബിജെപി അംഗത്വമെടുത്തത്. ആർ സി പി സിങ്ങിനെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളിൽ പാർടി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. അനധികൃതമായി സ്വത്ത് സമ്പാദിച്ചെന്നതായിരുന്നു ആരോപണം.

ബ്രിജ് ഭൂഷണിന്റെ ലൈംഗികാതിക്രമം

കായിക മന്ത്രാലയത്തിന് മനുഷ്യാവകാശ കമീഷൻ നോട്ടീസ്

- പ്രായപൂർത്തിയാകാത്ത താരത്തിന്റെ മൊഴി മജിസ്ട്രേട്ട് രേഖപ്പെടുത്തി
- ഗുസ്തി ഫെഡറേഷന് പൊലീസ് നോട്ടീസ് നൽകി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ അടക്കം ഏഴ് വനിതാ താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ച ബിജെപി എംപിയും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റുമായ ബ്രിജ് ഭൂഷണെതിരെ ഡൽഹിയിൽ ഗുസ്തി താരങ്ങൾ നടത്തുന്ന സമരത്തിൽ 18–ാം ദിവസം കേന്ദ്ര മനുഷ്യവകാശ കമീഷന്റെ ഇടപെടൽ. കേന്ദ്ര കായിക മന്ത്രാലയത്തിന് കമീഷൻ നോട്ടീസ് അയച്ചു. ഗുസ്തി ഫെഡറേഷൻ, ബിസിസിഐ തുടങ്ങി 15 കായിക ഫെഡറേഷനുകളിൽ ആഭ്യന്തര പരാതി കമ്മിറ്റി (ഐസിസി) ഇല്ലെന്ന മാധ്യമവാർത്ത പരിഗണിച്ച് സ്വമേധയാ കേസെടുത്തിട്ടുണ്ട്. നോട്ടീസിന് നാലാഴ്ചയ്ക്കകം മറുപടി നൽകണം.

പരാതി കമ്മിറ്റി ഇല്ലെങ്കിൽ അത് നിയമവിരുദ്ധവും കായിക താരങ്ങളുടെ അവകാശത്തെ ബാധിക്കുന്നതുമാണെന്ന് കമീഷൻ നോട്ടീസിൽ പറഞ്ഞു.

സായ്, ഹാൻഡ്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, ഭാരോദ്വഹനം തുടങ്ങി എല്ലാ ഫെഡറേഷനും നോട്ടീസുണ്ട്. അതിനിടെ, ബ്രിജ് ഭൂഷണെതിരെ പരാതി നൽകിയ ഏഴുപേരിൽ പ്രായപൂർത്തിയാകാത്ത താരത്തിന്റെ രഹസ്യമൊഴി മജിസ്ട്രേട്ട് രേഖപ്പെടുത്തി.ബിജെപി എംപിക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തതിനു ശേഷമുള്ള ആദ്യ പൊലീസ് നടപടിയായി ഗുസ്തി ഫെഡറേഷന് നോട്ടീസ് നൽകി. താരങ്ങൾ അതിക്രമം നേരിട്ടുവെന്ന് വെളിപ്പെടുത്തിയ മത്സരങ്ങളുടെ വിവരം നൽകണമെന്നാണ് ആവശ്യം.

അതേസമയം, വ്യാഴാഴ്ച സമരവേദിയിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും താരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കരിദിനാചരണം നടന്നു. താരങ്ങൾ കറുത്ത ബാൻഡുകൾ ധരിച്ചു. സംയുക്ത ട്രേഡ് യൂണിയന്റെ ഹരിയാനയിൽനിന്നുള്ള പ്രതിനിധി സംഘവും സമരപ്പന്തൽ സന്ദർശിച്ചു. ദേശീയ ഗുസ്തി ക്യാമ്പ് ബ്രിജ് ഭൂഷണ് സ്വാധീനമുള്ള യുപിയിൽനിന്ന് മാറ്റാൻ അഡ്ഹോക്ക് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

ജന്തർ മന്തറിലെ സമര പന്തലിൽ കറുത്ത റിബ്ബൺ ധരിച്ച് ഗുസ്തിതാരങ്ങൾ ഫോട്ടോ പി വി സുജിത്

ഉദ്ധവ് താക്കറെ സർക്കാരിനെ പുനഃസ്ഥാപിക്കാനാകില്ല: സുപ്രീംകോടതി

- ഉദ്ധവ് താക്കറെ മുഖ്യമന്ത്രി സ്ഥാനം സ്വമേധയാ രാജിവച്ചതിനാൽ ഇടപെടാനാകില്ല

ന്യൂഡൽഹി

മഹാരാഷ്ട്രയിൽ ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേന സർക്കാരിനെ പുനഃസ്ഥാപിക്കാൻ കഴിയില്ലെന്ന് സുപ്രീംകോടതി. ഉദ്ധവ് താക്കറെ മുഖ്യമന്ത്രി സ്ഥാനം സ്വമേധയാ രാജിവച്ചതിനാൽ ആ സർക്കാരിനെ പുനഃസ്ഥാപിക്കാൻ കഴിയില്ല. ഉദ്ധവ് താക്കറെ രാജിവച്ചതിനാലാണ് ഗവർണർ ഏക്നാഥ് ഷിൻഡെയെ സർക്കാരുണ്ടാക്കാൻ ക്ഷണിച്ചതെന്നും ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാബെഞ്ച് ഉത്തരവിൽ പറഞ്ഞു.

2016ലെ നബാംറെബിയാ കേസിലെ അഞ്ചംഗബെഞ്ചിന്റെ വിധി ഏഴംഗബെഞ്ചിന്റെ പരിഗണനയ്ക്ക് വിടാനും ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ഭരണഘടനാബെഞ്ച് തീരുമാനിച്ചു. സ്പീക്കറെ നീക്കാൻ നോട്ടീസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ എംഎൽഎമാരെ കൂറുമാറ്റ നിരോധനനിയമപ്രകാരം അയോഗ്യരാക്കാനുള്ള നടപടിയുമായി സ്പീക്കർക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നായിരുന്നു അഞ്ചംഗബെഞ്ചിന്റെ വിധി. ഈ വിധി പുനഃപരിശോധിക്കേണ്ടതുണ്ടെന്നാണ് ഭരണഘടനാബെഞ്ചിന്റെ നിലപാട്.

ഉദ്ധവ് താക്കറെ രാജിവച്ചിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ കോടതി പുനഃസ്ഥാപിച്ചേനെയെന്ന സുപ്രീംകോടതി നിരീക്ഷണം രാഷ്ട്രീയ ആയുധമാക്കാനാണ് ഉദ്ധവ് താക്കറെ പക്ഷത്തിന്റെ നീക്കം. ഏക്നാഥ്ഷിൻഡെ വിഭാഗത്തിന് അധികാരം നിലനിർത്താൻ കഴിയുമെങ്കിലും ധാർമികജയം തങ്ങൾക്കാണെന്ന് ഉദ്ധവ് താക്കറെ പക്ഷം അവകാശപ്പെട്ടു.

സംസ്ഥാന ഭരണം കേന്ദ്രം ഏറ്റെടുക്കുന്ന അവസ്ഥ ഉണ്ടാകരുത്

ന്യൂഡൽഹി

സമവർത്തിപ്പട്ടികയിലുള്ള വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്കോ കേന്ദ്രഭരണ പ്രദേശങ്ങൾക്കോ നിയമനിർമാണങ്ങൾ നടത്താമെങ്കിലും അത് നിലവിലുള്ള കേന്ദ്രനിയമങ്ങൾക്ക് വിധേയമായിട്ടാകണമെന്ന് സുപ്രീംകോടതി ഭരണഘടനാബെഞ്ച്. എന്നാൽ, സംസ്ഥാനങ്ങളുടെ ഭരണം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്ന അവസ്ഥ ഉണ്ടാകരുത്.

2018ൽ ഡൽഹി ലെഫ്. ഗവർണർ മന്ത്രിസഭയുടെ ഉപദേശ, നിർദേശങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിക്കേണ്ടതെന്ന് സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. 2019 ഫെബ്രുവരിയിൽ ഉദ്യോഗസ്ഥരുടെ നിയമനം, നിയന്ത്രണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ആർക്കാണ് അധികാരമെന്ന നിയമപ്രശ്നം കോടതിയുടെ മുന്നിലെത്തി. ജോയിന്റ് സെക്രട്ടറി റാങ്കിലേക്കും അതിനു മുകളിലേക്കുമുള്ള ഉദ്യോഗസ്ഥരുടെ നിയമനാധികാരം ലെഫ്. ഗവർണർക്കാണെന്ന് ജസ്റ്റിസ് എ കെ സിക്രി ഉത്തരവിട്ടു.

എന്നാൽ, ഉദ്യോഗസ്ഥ നിയമനം ഡൽഹി സർക്കാരിന്റെ അധികാരപരിധിക്കു പുറത്തുള്ള വിഷയമാണെന്ന് ജസ്റ്റിസ് അശോക് ഭൂഷൺ വിധിച്ചു. ജഡ്ജിമാർ തമ്മിൽ ഭിന്നത ഉണ്ടായ സാഹചര്യത്തിൽ വിഷയം മൂന്നംഗബെഞ്ചിനും പിന്നീട് അഞ്ചംഗബെഞ്ചിനും വിടുകയായിരുന്നു.

ചരിത്രം കുറിച്ച ഉത്തരവാണ് സുപ്രീംകോടതിയിൽനിന്ന് ഉണ്ടായിട്ടുള്ളതെന്ന് മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ പ്രതികരിച്ചു. ഉത്തരവിനു പിന്നാലെ സർവീസസ് സെക്രട്ടറി ആശിഷ് മോറെയെ സർക്കാർ സ്ഥലംമാറ്റി.

കോൺഗ്രസിനെ വെല്ലുവിളിച്ച് സച്ചിന്റെ പദയാത്ര

സ്വന്തം ലേഖകൻ

ന്യൂഡൽഹി

നിയമസഭാ തെരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന രാജസ്ഥാനിൽ കോൺഗ്രസിനും മുഖ്യമന്ത്രി അശോക് ഗെലോട്ടിനും വെല്ലുവിളി ഉയർത്തിയുള്ള സച്ചിൻ പൈലറ്റിന്റെ 'ജനജാഗ്രതാ' പദയാത്രയ്ക്ക് തുടക്കം.

ചോദ്യപേപ്പർ ചോർച്ചയടക്കം സംസ്ഥാനത്തെ കോൺഗ്രസ് സർക്കാരിന്റെ വീഴ്ച ചൂണ്ടിക്കാട്ടിയാണ് ജാഥ. ഇത് കോൺഗ്രസ് ജാഥയല്ലെന്നും സച്ചിൻ പൈലറ്റിന്റെ വ്യക്തിപരമായ പരിപാടിയാണെന്നും പിസിസി പ്രസിഡന്റ് ഗോവിന്ദ് സിങ് ദൊരാസാര പറഞ്ഞു. ആരെയും ലക്ഷ്യമിട്ടല്ല ജാഥയെന്ന് സച്ചിൻ പ്രതികരിച്ചു. അഞ്ചുദിവസം നീളുന്ന യാത്രയിൽ കോൺഗ്രസ് പതാകയ്ക്കു പകരം ദേശീയ പതാകയാണ് സച്ചിന്റെ അണികൾ ഉയർത്തുന്നത്.

അജ്മീറിൽ പൊതുയോഗത്തോടെയാണ് ജാഥയ്ക്ക് തുടക്കമായത്. ട്രെയിനിൽ അജ്മീറിലെത്തിയ സച്ചിന് അണികൾ ഉജ്വല സ്വീകരണമൊരുക്കി.

അജ്മീരിൽനിന്ന് തുടങ്ങിയ 'ജനജാഗ്രതാ' പദയാത്രയിൽ സച്ചിൻ പൈലറ്റ് ഫോട്ടോ: പിടിഐ

വസുന്ധര രാജെ സർക്കാരിന്റെ അഴിമതികളിൽ നടപടി ഉറപ്പുനൽകിയാണ് കോൺഗ്രസ് അധികാരത്തിൽ വന്നത്. എന്നാൽ, ഒരന്വേഷണവും ഉണ്ടായില്ല. ഇത് ജനങ്ങളോടുള്ള വഞ്ചനയാണ്– സച്ചിൻ പറഞ്ഞു.

അന്തർദേശീയം

ഫിൻലൻഡ് പ്രധാനമന്ത്രി വിവാഹമോചനത്തിന്

ഹെൽസിങ്കി

സ്ഥാനമൊഴിയുന്ന ഫിൻലൻഡ് പ്രധാനമന്ത്രി സന്ന മാരിനും ഭർത്താവ് മാർക്കസ് റൈക്കോണനും വേർപിരിയുന്നു. മൂന്നു വർഷം നീണ്ട ദാമ്പത്യം അവസാനിപ്പിക്കാൻ സംയുക്ത അപേക്ഷ നൽകിയതായി ഇരുവരും സമൂഹ മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തി. 19 വർഷമായി ഒരുമിച്ചുജീവിക്കുന്ന ഇവർ 2020ലാണ് വിവാഹിതരായത്. അഞ്ചുവയസ്സുള്ള മകൾ ഉണ്ട്. 'ഇനി ഞങ്ങൾ നല്ല സുഹൃത്തുക്കളായി തുടരു'മെന്ന് ഇരുവരും ഇൻസ്റ്റഗ്രാമിൽ കുറിച്ചു.

സോഷ്യൽ ഡെമോക്രാറ്റിക് പാർടി നേതാവായ സന്ന മാരിൻ 2019ൽ മുപ്പത്തിയേഴാം വയസ്സിലാണ് പ്രധാനമന്ത്രി പദത്തിലെത്തിയത്. എന്നാൽ, കഴിഞ്ഞ മാസം ഫിൻലൻഡിലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സോഷ്യൽ ഡെമോക്രാറ്റിക് പാർടി തീവ്രവലതുപക്ഷ പാർടികളോട് പരാജയപ്പെട്ടു.

സന്ന മാരിൻ

ഉക്രയ്ന് ബ്രിട്ടന്റെ ദീർഘദൂര ക്രൂയിസ് മിസൈലുകൾ

ലണ്ടൻ

റഷ്യൻ മുന്നേറ്റത്തെ പ്രതിരോധിക്കുന്നതിന് ഉക്രയ്ന് ദീർഘദൂര ക്രൂയിസ് മിസൈലുകൾ കൈമാറുമെന്ന് ബ്രിട്ടീഷ് പ്രതിരോധ മന്ത്രി ബെൻ വാലസ്. എത്രയെണ്ണമാണ് കൈമാറുന്നതെന്നോ ഇവ ഉക്രയ്നിൽ എത്തിച്ചോയെന്നും വാലസ് വ്യക്തമാക്കിയിട്ടില്ല.

റഷ്യ പിടിച്ചെടുത്ത ക്രീമിയ അടക്കമുള്ള പ്രദേശങ്ങൾ ലക്ഷ്യംവയ്ക്കാവുന്നതാണ് ഈ ദീർഘദൂര മിസൈലുകൾ. റഷ്യ കൈയേറിയ ഉക്രയ്ൻ മേഖലകളിൽനിന്ന് സൈന്യത്തെ തുരത്താൻ ഈ മിസൈലുകൾ ഉപയോഗിക്കുമെന്ന് വാലസ് പറഞ്ഞു.

കൊന്നൊടുക്കി ഇസ്രയേൽ

ഇസ്രയേൽ സൈന്യത്തിന്റെ റോക്കറ്റാക്രമണത്തിൽ കൊല്ലപ്പെട്ട പലസ്തീൻകാരുടെ ബന്ധുക്കളുടെ വിലാപം ഫോട്ടോ: പിടിഐ

- മൂന്നു ദിവസത്തിൽ ഗാസയിൽ കൊല്ലപ്പെട്ടത് 27 പലസ്തീൻകാർ
- സാധാരണക്കാരെ കൊന്നൊടുക്കുന്നത് നിർത്തണം: യുഎൻ സെക്രട്ടറി ജനറൽ

ഗാസ സിറ്റി

തുടർച്ചയായി മൂന്നാം ദിനവും പലസ്തീനിൽ കൂട്ടക്കുരുതി തുടർന്ന് ഇസ്രയേൽസൈന്യം. കുട്ടികളും സ്ത്രീകളും അടക്കം വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 27 ആയി. നൂറോളം പേർക്ക് പരിക്കേറ്റു. പലസ്തീൻ സായുധ പോരാട്ടസംഘടന പിഐജെയുടെ നേതാക്കളെ ലക്ഷ്യമിട്ട് പാർപ്പിട സമുച്ചയങ്ങളിലേക്ക് രണ്ടുദിവസമായി നടത്തിയ വിവേചനരഹിതമായ ബോംബാക്രമണത്തിൽ നാലു കുട്ടികളടക്കം 15 പേർ കൊല്ലപ്പെട്ടു. ഗാസയിലെ പാർപ്പിടസമുച്ചയത്തിൽ ബോംബിട്ടാണ് പിഐജെ റോക്കറ്റ് വിക്ഷേപണ സേനയുടെ തലവൻ അലി ഖാലിയെ ഇസ്രയേൽ വധിച്ചത്. തെക്കൻ നഗരമായ ഖാൻ യൂനിസിൽ പിഐജെ ബന്ധമുള്ള രണ്ടുപേർകൂടി കൊല്ലപ്പെട്ടു. ഗാസയിൽ 158 കേന്ദ്രം ലക്ഷ്യമാക്കിയാണ് വ്യോമാക്രണം നടത്തിയത്.

സാധാരണക്കാരെ കൊന്നൊടുക്കുന്നത് ഉടൻ അവസാനിപ്പിക്കണമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ് അഭ്യർഥിച്ചു. വിവേചനരഹിതമായ ആക്രമണങ്ങൾ ഇസ്രയേൽ ഉടൻ നിർത്തണമെന്ന് നോർവീജിയൻ അഭയാർഥി കൗൺസിൽ (എൻആർസി) ആവശ്യപ്പെട്ടു.

പലസ്തീൻ പോരാട്ടസംഘടനകൾ ഇസ്രയേലിലേക്ക് നാനൂറിലധികം റോക്കറ്റുകൾ തൊടുത്തെങ്കിലും ഭൂരിഭാഗവും ഇസ്രയേലിന്റെ മിസൈൽ പ്രതിരോധ സംവിധാനം തടഞ്ഞു. ഇസ്രയേൽ നടത്തുന്ന കൂട്ടക്കുരുതി 'ഭീകരവേട്ട'യെന്ന നിലയിൽ ചിത്രീകരിക്കുന്ന പാശ്ചാത്യമാധ്യമങ്ങൾക്കെതിരെ അറബ് മേഖലയിൽ സാമൂഹ്യമാധ്യമങ്ങളിൽ വൻ രോഷം അണപൊട്ടി. 'ഇരുപക്ഷം തമ്മിലുള്ള ഏറ്റുമുട്ടൽ' എന്ന നിലയിലാണ് പാശ്ചാത്യമാധ്യമങ്ങൾ വാർത്ത റിപ്പോർട്ട് ചെയ്യുന്നത്. ഇസ്രയേൽ സൈന്യം ഗാസയിലെ പാർപ്പിടസമുച്ചയങ്ങളിലേക്ക് ബോംബ് തൊടുത്തുവിടുകയാണെന്നും പിഐജെ ബന്ധമുള്ളവരുടെ കുടുംബാംഗങ്ങളും അയൽക്കാരുമായ സാധാരണക്കാരാണ് കൊല്ലപ്പെടുന്നതെന്നും അൽ ജസീറ റിപ്പോർട്ട് ചെയ്തു.

പാകിസ്ഥാനിൽ കൊല്ലപ്പെട്ടത് 11 പേർ

ഇസ്ലാമാബാദ്

പാകിസ്ഥാൻ മുൻപ്രധാനമന്ത്രി ഇമ്രാൻഖാന്റെ അറസ്റ്റിനെത്തുടർന്നുണ്ടായ സംഘർഷത്തിൽ കൊല്ലപ്പെട്ടത് 11 പേർ. ഏകദേശം 2500 പേരെ അറസ്റ്റ് ചെയ്തു. ഇമ്രാൻ അനുകൂലികൾ സൈനിക കേന്ദ്രങ്ങളും സർക്കാർ കെട്ടിടങ്ങളും വ്യാപകമായി നശിപ്പിച്ചു. മൊബൈൽ ഡാറ്റ സേവനങ്ങൾ താൽക്കാലികമായി നിർത്തിവച്ചു. പാകിസ്ഥാനിലെ നാലു പ്രവിശ്യയിൽ രണ്ടെണ്ണത്തിൽ സ്കൂളുകളും ഓഫീസുകളും അടച്ചു. സാമൂഹ്യമാധ്യമങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തി.

ക്രമസമാധാനം പുനഃസ്ഥാപിക്കാൻ സഹായിക്കാൻ സർക്കാർ സൈന്യത്തെ പ്രധാന നഗരങ്ങളിൽ ഇറക്കി. പ്രധാന നഗരങ്ങളിലെ തെരുവുകളിൽ അർധസൈനികരും പോലീസും വ്യാഴാഴ്ച സംഘർഷാവസ്ഥ തുടർന്നു. എന്നാൽ സുപ്രീംകോടതി വിധി വന്നതോടെ സ്ഥിതിയിൽ മാറ്റം വന്നിട്ടുണ്ട്.

ഇന്ന് ഡൽഹിയിൽ നേതൃയോഗം

ന്യൂഡൽഹി

രാജസ്ഥാനിൽ അശോക് ഗെലോട്ട്– സച്ചിൻ പൈലറ്റ് പോര് മുറുകുന്ന പശ്ചാത്തലത്തിൽ കോൺഗ്രസിന്റെ നിർണായക നേതൃയോഗം വെള്ളിയാഴ്ച ഡൽഹിയിൽ ചേരും.

രാജസ്ഥാന്റെ ചുമതലയുള്ള സുഖ്ജീന്ദർ സിങ് രൺധാവ വിളിച്ച യോഗത്തിൽ പിസിസി പ്രസിഡന്റ് ഗോവിന്ദ് സിങ് ഡൊടാസ്രയടക്കം സംസ്ഥാനത്തുനിന്നുള്ള നേതാക്കൾ പങ്കെടുക്കും.

കഴിഞ്ഞ മാസം ഗെലോട്ട് സർക്കാരിനെതിരെ സച്ചിൻ ഉപവാസം നടത്തിയപ്പോൾ പാർടിവിരുദ്ധ പ്രവർത്തനത്തിൽ നടപടി എടുക്കുമെന്ന് രൺധാവ പറഞ്ഞിരുന്നു. എന്നാൽ, കർണാടക തെരഞ്ഞെടുപ്പിന്റെ സാഹചര്യത്തിൽ നടപടി ഒഴിവാക്കാൻ നേതൃത്വം നിർദേശിച്ചു. പകരം കർണാടകത്തിലെ താരപ്രചാരകരുടെ പട്ടികയിൽനിന്ന് ഒഴിവാക്കി.

സ്വവർഗ വിവാഹങ്ങൾക്ക് അംഗീകാരം

വാദംകേൾക്കൽ പൂർത്തിയാക്കി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

സ്വവർഗ വിവാഹങ്ങൾക്ക് നിയമപരമായ അംഗീകാരം തേടിയുള്ള ഹർജികൾ സുപ്രീംകോടതി ഭരണഘടനാബെഞ്ച് വാദംകേൾക്കൽ പൂർത്തിയാക്കി വിധിപറയാൻ മാറ്റി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗബെഞ്ച് പത്തുദിവസമാണ് വാദംകേട്ടത്. ഹർജിക്കാരുടെ ആവശ്യത്തെ കേന്ദ്രസർക്കാർ അതിശക്തമായി എതിർത്തു. നിയമപരമായ അംഗീകാരം നൽകിയാൽ വിവാഹ, വ്യക്തി നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരേണ്ടി വരുമെന്ന നിയമപ്രശ്നം കോടതി ചൂണ്ടിക്കാട്ടി.

നിയമനിർമാണങ്ങൾക്കുള്ള അധികാരം പാർലമെന്റിനാണെന്ന വസ്തുതയും ഉന്നയിച്ചു. നിയമപരമായ അംഗീകാരം നൽകാതെ തന്നെ സ്വവർഗ ദമ്പതികൾക്ക് ചില അവകാശങ്ങൾ നൽകാൻ കഴിയുമോയെന്നും കോടതി കേന്ദ്രസർക്കാരിനോട് ചോദിച്ചു. ഈ വിഷയത്തിൽ പ്രത്യേക സമിതി രൂപീകരിക്കാൻ തയ്യാറാണെന്ന് കേന്ദ്രം അറിയിച്ചു.